**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5430** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഇറ്റലിയിൽ നിന്നുള്ള വ്യക്തിയുടെ പോലീസ് ആസ്ഥാന സന്ദർശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇറ്റലിയിൽ നിന്നുള്ള അനിത പുല്ലയിൽ എന്ന വ്യക്തി പോലീസ് ആസ്ഥാനത്ത് വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വന്നിരുന്നുവെന്നും പ്രസ്തുത വ്യക്തിയുടെ സന്ദർശനം ഏതൊക്കെ തീയതികളിൽ ആയിരുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് ആസ്ഥാനത്തെ സന്ദർശക പുസ്തകത്തിലെ രേഖകളനുസരിച്ച് രണ്ടു തവണയാണ് സന്ദർശിച്ചിട്ടുള്ളത്. അത് 11.01.2019, 27.07.2019 എന്നീ തീയതികളിലാണ്. |
| (ബി) | അന്നത്തെ ഡി.ജി.പി.-യുമായി ഇവർ കൂടിക്കാഴ്ച നടത്തിയിരുന്നോ; | (ബി) | കൂടിക്കാഴ്ച നടത്തിയിരുന്നു. |
| (സി) | പ്രസ്തുത വ്യക്തി ഏതെങ്കിലും പരാതികൾ സമർപ്പിച്ചിരുന്നോ എന്നും എങ്കിൽ പ്രസ്തുത പരാതികൾ ഏതൊക്കെയെന്നും പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ? | (സി) | സഹോദരനായ ലിൻസൺ എന്നയാളെ കാണ്മാനില്ല എന്നു കാണിച്ച് ശ്രീമതി. ലിനിത വിത്സൺ കെ.എ., വെള്ളാങ്കല്ലൂർ എന്നയാളിന്റെ പരാതിയിന്മേൽ നിയമ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രവാസി മലയാളി ഫെഡറേഷൻ ഭാരവാഹി എന്ന നിലയിൽ ശ്രീമതി അനിത പുല്ലയിൽ മുൻ സംസ്ഥാന പോലീസ് മേധാവിയെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ നിർദ്ദേശത്തെത്തുടർന്ന് പ്രസ്തുത പരാതിയിന്മേൽ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ക്രൈം നം. 689/2019 u/s 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 31.08.2019 തീയതി റോമിലുള്ള ലിൻസണുമായി വീഡിയോ കോൾ മുഖാന്തിരം ബന്ധപ്പെടുകയും തുടർന്ന് കേസ് Further Action Dropped (FAD) ആയി പരിഗണിച്ച് ബഹു.കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ